(ബി) പ്രസ്തുത കയ്യേറ്റക്കാരെ ഒഴിപ്പിക്കാനും നിർമ്മാണങ്ങൾ പൊളിച്ചു മാറ്റാനും ഉദ്ദേശമുണ്ടോ; അതിനുവേണ്ടി വൈദ്യുതി ബോർഡ് കോടതിയെ സമീപിക്കാനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഇടുക്കി ഡാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കെ റിസർവോയർ ഏരിയായിൽ സ്ഥിതി ചെയ്തിരുന്ന അയ്യപ്പക്ഷേത്രം മുങ്ങിപ്പോകുന്നത് ഒഴിവാക്കുവാനായി തൊപ്പിപ്പാള എന്ന സ്ഥലത്ത് പ്രസ്തുത ക്ഷേത്രം സർക്കാരിന്റേയും വൈദ്യുതി ബോർഡിന്റേയും ചെലവിൽ മാറ്റി സ്ഥാപിച്ചു. എന്നാൽ വിശ്വഹിന്ദു പരിഷത് പ്രവർത്തകർ പഴയ ക്ഷേത്രം നിലനിന്നിരുന്ന സ്ഥലത്ത് ക്ഷേത്ര നിർമ്മാണവുമായി ബന്ധപ്പെട്ട് കയ്യേറ്റവും ചില നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്.

(ബി) ഉദ്ദേശമുണ്ട്. അതിനായി വൈദ്യുതി ബോർഡ് കോടതിയെ സമീപിച്ചിട്ടുണ്ട്.

പച്ചിലമരുന്ന് ചികിത്സയിൽ ആദിവാസികൾക്കുള്ള വിജ്ഞാനം പ്രയോജനപ്പെടുത്താൻ നടപടി

*9 [339] ശ്രീ. ടി. പി. എം. സാഹിർ:
" പി. കെ. അബ്ദുറബ്ബ്:
" കളത്തിൽ അബ്ദുള്ള:
" പി. കെ. കെ. ബാവ:
" കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനപ്രദേശങ്ങളിലുള്ള അപൂർവ്വ ഇനം പച്ചില മരുന്നുകളും അവ ഉപയോഗിച്ചുള്ള ചികിത്സയിൽ ആദിവാസികൾക്കുള്ള വിജ്ഞാനവും ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുവാൻ എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത്തരം മരുന്നുകൾ നാട്ടുകാർക്ക് പ്രയോജനപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) ഉണ്ട്. വനപ്രദേശങ്ങളിൽ അപൂർവ്വമായി കണ്ടുവരുന്ന പച്ചില മരുന്നുകൾ ഉപയോഗിച്ച് ചികിത്സ നടത്തുന്നതിന് ആദിവാസികളായ വംശീയ വൈദ്യൻമാർക്ക് കിർത്താഡ്സ് മുഖേന ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ വികസന വകുപ്പും പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനും കൂടി സംയുക്തമായി കൂടുതൽ ആദിവാസി വംശീയ വൈദ്യൻമാർക്ക് ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ജനങ്ങൾക്ക് അതുവഴി കൂടുതൽ പ്രയോജന കരമായ രീതിയിൽ സേവനം ലഭിക്കുന്നതിനും വേണ്ടിയുള്ള ഒരു പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന വംശീയ വൈദ്യന്മാർക്ക് ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ട ധനസഹായം പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന നൽകുന്നതാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

അശാസ്ത്രീയമായ മത്സ്യബന്ധനംമൂലം വംശനാശ ഭീഷണി നേരിടുന്ന മത്സ്യങ്ങൾ

*10 [340] ശ്രീ. വി. കെ. സി. മമ്മത്കോയ:
" കെ. വി. കുഞ്ഞിരാമൻ:
" മഞ്ഞളാംകുഴി അലി:
" പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നല്ലയിനം മത്സ്യസമ്പത്തുകൊണ്ട് സമ്പന്നമായ കേരള കടൽ തീരത്ത് കപ്പൽ വള്ളങ്ങളും ഫാക്ടറി ട്രോളറുകളും എത്തി മത്സ്യബന്ധനം നടത്തിവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ അമിത ചൂഷണം നടക്കുന്നതുമൂലം പല മത്സ്യങ്ങൾക്കും വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നതായുള്ള പഠന റിപ്പോർട്ടുകൾ സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(സി) ഏതെല്ലാം ഇനം മത്സ്യങ്ങൾക്കാണ് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നതായി കണ്ടെത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) അശാസ്ത്രീയവും അമിതവുമായ ചൂഷണം തടയാൻ സർക്കാർ എന്ത് നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത്;

(ഇ) സംസ്ഥാനത്തുനിന്ന് മത്സ്യബന്ധനം നടത്തുന്ന ഏതെല്ലാം തരത്തിലുള്ള എത്ര ഉപകരണങ്ങൾ നിലവിലുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly